"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ്- മൈനിംഗ് &ജിയോളജി -2015 ലെ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം ശ്രീമതി.ഡോണ പേഴനാൽ, പേഴനാൽ വീട്, ചെങ്ങളം ഈസ്റ്റ്.പി.ഒ, കോട്ടയം സമർപ്പിച്ച അപ്പീൽ ഹർജി - തീർപ്പാക്കി -ഉത്തരവാകുന്നു

---

**വ്യവസായ വകുപ്പ്**

സ.ഉ.(സാധാ) നം.644/2026/ID തീയതി,തിരുവനന്തപുരം, 12-06-2026

---

പരാമർശം:-

1. കോട്ടയം ജില്ലാ ജിയോളജിസ്റ്റിന്റെ 18/3/2019 ലെ 2799/ഡിഇവൈ/ഇഎം/2018 ലെ നമ്പർ ഡിമാന്റ് നോട്ടീസ്
2. ശ്രീമതി.ഡോണ പേഴനാൽ, പേഴനാൽ വീട്, ചെങ്ങളം ഈസ്റ്റ്.പി.ഒ, കോട്ടയം സമർപ്പിച്ച 11/4/2019 ലെ അപ്പീൽ അപേക്ഷ
3. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ ലെ നമ്പർ റിപ്പോർട്ട്

**<u>ഉത്തരവ്</u>**

കോട്ടയം താലൂക്കിൽ ആനിക്കാട് വില്ലേജിൽ സർവ്വേ നം.155/5-12 ൽ പ്പെട്ട സ്ഥലത്ത്നിന്നും അനധികൃതമായി 1172 ക്യുബിക് മീറ്റർ കരിങ്കല്ല് ഖനനം ചെയ്തതായി കണ്ടെത്തിയതായും, ആയതിന് റോയൽറ്റി, വില, പിഴ ഇനത്തിൽ ആകെ 2,35,960/-രൂപ ഒടുക്കുന്നതിനാവശ്യപ്പെട്ട് ശ്രീ.തോമസ് സെബാസ്റ്റ്യൻ, പേഴനാൽ വീട്, ആനിക്കാട് എന്നയാൾക്ക് പരാമർശം (1) പ്രകാരം കോട്ടയം ജില്ലാ ജിയോളജിസ്റ്റ് നൽകിയ ഡിമാന്റ് നോട്ടീസിനെതിരെ പരാമർശം (2) പ്രകാരം ടിയാന്റെ മകളും സ്ഥലമുടമയുമായ ശ്രീമതി.ഡോണ പേഴനാൽ സമർപ്പിച്ചതാണ് പ്രസ്തുത അപ്പീൽ ഹർജി. ഹർജി വിഷയം സംബന്ധിച്ച് വ്യവസായ വകുപ്പിന്റെ അപ്പീൽ അധികാരി ഹർജിക്കക്ഷിയെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും 2/6/2026 ന് നേരിൽ കേട്ടു.

2) ഹിയറിംഗ് വേളയിൽ ഹർജിക്കക്ഷിക്കുവേണ്ടി ശ്രീ. സെബാസ്റ്റ്യൻ പോഴനാലും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുത്തു. ഹർജിവിഷയം സംബന്ധിച്ച് നടത്തിയ ഹിയറിംഗിൽ വസ്തുവിൽ അന:ധികൃതമായ യാതൊരുവിധ നിയമ വിരുദ്ധ പ്രവർത്തികളും ചെയ്തിട്ടില്ലായെന്നും, നിയമപ്രകാരം പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിൽനിന്നും ഡവലപ്പ്മെൻ്റ് പെർമിറ്റും, പ്രൊപ്പോസ്ഡ് റസിഡൻഷ്യൽ ബിൽഡിംഗ് പ്ലാൻ അപ്രൂവലും ലഭിച്ചതിനു ശേഷമാണ് ഞാൻ കെട്ടിടം പണിയുന്നതിനുള്ള പ്രാരംഭ ജോലികൾ ആരംഭിച്ചിട്ടുള്ളതെന്നും അതിനുവേണ്ടിഭൂമി നിരപ്പാക്കുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും ടി സ്ഥല ത്തുനിന്നും പരാതിയിലോ, ഉത്തരവിലോ ആരോപിക്കും പ്രകാരം കരിങ്കല്ല് ഖനനം ചെയ്യുകയോ, വിൽക്കുകയോ ചെയ്തിട്ടില്ലായെന്നും തന്റെ അസാന്നിദ്ധ്യത്തിൽ ഏകപക്ഷീയമായി ഖനന ഭൂവിജ്ഞാന വകുപ്പ് ഉദ്യോഗസ്ഥന്മാർ നടത്തിയ അസസ്മെന്റ് റദ്ദാക്കി കക്ഷിയുടെ കൂടി സാന്നിദ്ധ്യത്തിൽ ടി സ്ഥലം റീ അസസ്മെന്റ് ചെയ്ത് ശരിയായ നടപടികൾ

സ്വീകരിക്കണമെന്നും ഹർജിക്കക്ഷിയുടെ പിതാവ് ആവശ്യപ്പെട്ടു.

3) ഹർജിവിഷയം സംബന്ധിച്ച് പരാമർശം (3) പ്രകാരം ഡി.എം.ജി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിൽ കോട്ടയം ജില്ലയിലെ കോട്ടയം താലൂക്കിൽ ആനിക്കാട് വില്ലേജിൽ സർവ്വേ നമ്പർ 155/5-12-ൽ ഉൾപ്പെട്ടതും ശ്രീ തോമസ് സെബാസ്റ്റ്യൻ, പേഴനാൽ വീട് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതുമായ സ്ഥലത്ത് അനധികൃതമായി കരിങ്കല്ല് പൊട്ടിച്ചു നിക്കുകയാണെന്ന് ജില്ലാ ആഫീസിൽ ലഭിച്ച പരാതിയെ തുടർന്ന് അസിസ്റ്റൻ്റ് ജിയോളജിസ്റ്റ് നടത്തിയ സ്ഥലപരിശോധനയിൽ പരാമർശിത സ്ഥലത്ത് നിന്നും അനധികൃതമായി 150 ക്യൂബിക് മീറ്റർ കരിങ്കല്ല് ഖനനം ചെയ്ത് കടത്തിയതായി റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും പരാതിയിൽ തുടർ നടപടികൾ സ്വീകരിച്ചിരുന്നില്ല. പിന്നീട് സമാന പരാതി ജില്ലാ ആഫീസിൽ ലഭിക്കുകയും അസി. ജിയോളസിസ്റ്റ് പരിശോധിച്ചതിൽ ടി സ്ഥലത്ത് ഖനനം നടക്കുന്നതായി ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് നടത്തിയ പ്രാദേശിക അന്വേഷണത്തിൽ പഞ്ചായത്തിൽ നിന്ന് ഡെവലപ്മെൻ്റ് പെർമിറ്റ് ലഭിച്ച സ്ഥലമാണ് എന്ന് അറിയുവാൻ കഴിഞ്ഞെങ്കിലും സ്ഫോടക വസ്തു ഉപയോഗിച്ചാണ് ഖനനം നടത്തുന്നത് എന്നതിനാലും ഇതുമായി ബന്ധപ്പെട്ട് മുൻകൂർ അറിയിപ്പ് നൽകിയിട്ടില്ലാത്തതിനാലും പരാതിയിൽ പരാമർശിക്കുന്ന സ്ഥലമുടമയായ ശ്രീ തോമസ് സെബാസ്റ്റ്യൻ എന്ന വ്യക്തിയെ ജില്ലാ ആഫീസിൽ വിളിച്ചു വരുത്തുകയും ടിയാൻറെ സാന്നിദ്ധ്യത്തിൽ അളവെടുപ്പ് നടത്തി മഹസ്സർ തയ്യാറാക്കിയിട്ടുള്ളതുമാണ്. നിരോധന ഉത്തരവ് സ്ഥലമുടമയായ ശ്രീമതി ഡോണക്ക് വേണ്ടി പിതാവ് ശ്രീ തോമസ് സെബാസ്റ്റ്യൻ കൈപ്പറ്റിയിട്ടുള്ളതും മഹസറിൽ ഒപ്പ് പതിപ്പിച്ചിട്ടുള്ളതുമാണ്.

സ്ഥലപരിശോധനയിൽ ടി സ്ഥലത്ത് നിന്ന് 25 മീറ്റർ നീളം, 14 മീറ്റർ വീതി, ശരാശരി 3.8 മീറ്റർ ഉയരത്തിലുമായി കരിങ്കല്ല് ഖനനം ചെയ്തിരിക്കുന്നതായും കൂടാതെ 11 മീറ്റർ വീതി, 12 മീറ്റർ നീളം, 1.2 മീറ്റർ ഉയരത്തിലുമായി കരിങ്കല്ല് കൂട്ടിയിട്ടിരിക്കുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ടി സ്ഥലത്ത് നിന്നും മേൽമണ്ണ് ഖനനം ചെയ്ത് നീക്കിയതിന് ശേഷമാണ് കരിങ്കല്ല് പൊട്ടിച്ചതെന്ന് കാണുന്നുവെങ്കിലും ആയത് പുറമേ ഗതാഗതം നടത്തിയിട്ടില്ലായെന്നും കരിങ്കല്ല് മാത്രമാണ് ഗതാഗതം നടത്തിയതെന്നും ശ്രീ തോമസ് സെബാസ്റ്റ്യൻ സ്ഥലപരിശോധനയിൽ അറിയിച്ചതായും ഖനനം നടത്തുന്നതിനായി ഉപയോഗിച്ച ട്രാക്ടർ കസ്റ്റഡിയിൽ എടുക്കുകയും ആയതിന്റെ പിഴ ഇനത്തിൽ 25,000/- രൂപ ഈടാക്കിയതിനെ തുടർന്ന് വാഹനത്തിന്റെ താക്കോൽ തിരികെ നൽകിയിട്ടുള്ളതായും സ്ഥലപരിശോധന നടത്തിയ അസി ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥലപരിശോധനാ മഹസ്സറിലും നിരോധന ഉത്തരവ് കൈപ്പറ്റിയതിലും അപ്പീൽ ഹർജിക്കാരിയുടെ പിതാവായ ശ്രീ തോമസ് സെബാസ്റ്റ്യൻ ഒപ്പ പതിപ്പിച്ചിട്ടുള്ളതാണ്. ഇതേ തുടർന്ന് ആനിക്കാട് വില്ലേജ് ഓഫീസർ മുഖേനെ ശ്രീ തോമസ് സെബാസ്റ്റ്യന് കാരണം കാണിക്കൽ നോട്ടീസ് നൽകിയതിൽ ശ്രീമതി ഡോണ മറുപടി നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത മറുപടിയിൽ പള്ളിക്കത്തോട് ഗ്രാമ പഞ്ചായത്തിൽ നിന്നും ഡെവലപ്മെന്റ് പെർമിറ്റ് എടുത്ത് കെമിക്കൽ ഉപയോഗിച്ചും വെടിവെച്ചും ജെ സി ബി ഉപയോഗിച്ചും കല്ല്, മണ്ണ് എന്നിവ മാറ്റി കൊണ്ടിരിക്കുകയാണെന്നും, കല്ല് നീക്കം ചെയ്യുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും വാഹനത്തിന്റെ പിഴ ഒടുക്കിയിട്ടുള്ളതാണെന്നും ആയതിനാൽ ഫീസ് അടച്ച് പൊട്ടിച്ച ഖനനം ശേഖരിച്ചിരിക്കുന്ന കല്ല് നീക്കുവാനും കെട്ടിട നിർമ്മാണത്തിന് കുറച്ച് ഭാഗത്തെ കല്ല് കൂടി നീക്കം ചെയ്യുവാൻ അനുവദിക്കണമെന്നും ശ്രീമതി ഡോണ അറിയിച്ചിട്ടുള്ളതാണ്. 13/02/2019 തീയതിയിൽ ശ്രീമതി ഡോണ, പേഴനാൽ എന്ന വ്യക്തിക്കും ജില്ലാ ആഫീസിൽനിന്നും നിരോധന ഉത്തരവ് നല്കിയിട്ടുണ്ട്. അനധികൃത

സംബന്ധിച്ച ശ്രീമതി ഡോണ, പേഴനാൽ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ അനധികൃതമായി നീക്കം ചെയ്ത 1172 ക്യുബിക് മീറ്റർ (2930 മെട്രിക് ടൺ) കരിങ്കല്ലിന് റോയൽറ്റി ഇനത്തിൽ 70,320/- രൂപ (2930 x 24 = 70320/- രൂപ) വില ഇനത്തിൽ 1,40,640/- രൂപ (2930 x 24 x 2 = 1,40,640/- രൂപ), കോമ്പൗണ്ടിംഗ് ഫീസ് ഇനത്തിൽ 25,000/- രൂപ എന്നിങ്ങനെ ആകെ 2,35,960/- രൂപ 10 ദിവസത്തിനുള്ളിൽ ഒടുക്കുവാൻ നിർദ്ദേശിച്ച് 18/03/19-ൽ ഡിമാൻഡ് നോട്ടീസ് ജില്ലാ ആഫീസിൽ നിന്നും നൽകിയിട്ടുള്ളതാണ്. 16/04/2019-ൽ ടിയാൾ നൽകിയ മറുപടിയിൽ അപ്പീൽ ഹർജിയിൽ തീരുമാനം ഉണ്ടാകുന്നതു വരെ ഡിമാൻഡ് നോട്ടിസിൽ തുടർനടപടികൾ സ്വികരിക്കരുതെന്നും ശ്രീമതി ഡോണ ജില്ല ഓഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമാണ്. മേൽ വിഷയങ്ങൾ പരിശോധിച്ചതിൽ നിന്നും പ്രസ്തുത സ്ഥലത്ത് അനധികൃത ഖനനം നടത്തി എന്ന് വ്യക്തമാണ്. അപ്പീൽ കക്ഷിക്കുവേണ്ടി കക്ഷിയുടെ പിതാവിൻറെ സാന്നിധ്യത്തിൽ അളവെടുപ്പ് നടത്തി മഹസ്സറിൽ ഒപ്പും രേഖപ്പെടുത്തി ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് കാരണം കാണിക്കൽ നോട്ടിസും ഡിമാന്റ് നോട്ടിസും നല്കിയിട്ടുള്ളത്. ആകയാൽ അപ്പലനറിൻ്റെ വാദങ്ങളിൽ കഴമ്പില്ലാത്തതിനാൽ അപ്പീൽവാദങ്ങൾ തള്ളിക്കൊണ്ടും ഹർജിക്കാരിയോട് തുക ഒടുക്കുന്നതിനു നിർദേശം നൽകിക്കൊണ്ടും സർക്കാരിൽനിന്ന് ഉത്തരവുണ്ടാകണമെന്നു ഡി.എം.ജി ശിപാർശ ചെയ്തിരിക്കുന്നു.

4) ഹർജിവിഷയം വിശദമായി പരിശോധിച്ചു. ഹർജിവിഷയത്തിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ജിയോളജി ഓഫീസിൽ നിന്നും നടത്തിയ സ്ഥല പരിശോധനയിലാണ് അനധികൃത ഖനനം കണ്ടെത്തിയിട്ടുള്ളതെന്നും ആയതിന് ഉപയോഗിച്ച വാഹനം കസ്റ്റഡിയിൽ എടുത്ത് അതിന്റെ പിഴ അടപ്പിച്ചിട്ടുള്ളതിനാലും സ്ഥലപരിശോധനാ മഹസ്സറിലും നിരോധന ഉത്തരവ് കൈപ്പറ്റിയതിലും അപ്പീൽ ഹർജിക്കാരിയുടെ പിതാവായ ശ്രീ തോമസ് സെബാസ്റ്റ്യൻ ഒപ്പു പതിപ്പിച്ചിട്ടുള്ളതുമായ സാഹചര്യത്തിൽ അനധികൃത ഖനനം നടത്തിയിട്ടില്ല എന്ന അപ്പലന്റിന്റെ വാദം അടിസ്ഥാനരഹിതമാണ്. അതിനാൽ അനധികൃത ഖനനത്തിന് കെ.എം.എം.സി ചട്ടം 108(2) പ്രകാരം പെനാൽറ്റി ഒടുക്കുവാൻ അപ്പീൽ കക്ഷി ബാദ്ധ്യസ്ഥനാണ്.ഈ സാഹചര്യത്തിൽ ഹർജിക്കക്ഷിക്ക് കോട്ടയം ജില്ലാ ജിയോളജിസ്റ്റ് നൽകിയ ഡിമാന്റ് നോട്ടീസ് നിലനിർത്തിക്കൊണ്ടും ആയതനുസരിച്ചുള്ള നിയമനടപടികൾ സ്വീകരിക്കുവാൻ ജില്ലാ ജിയോളജിസ്റ്റിന് നിർദേശം നൽകിക്കൊണ്ടും ശ്രീമതി.ഡോണ പേഴനാൽ, പേഴനാൽ വീട്, ചെങ്ങളം ഈസ്റ്റ്.പി.ഒ, കോട്ടയം സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി

ശ്രീമതി.ഡോണ പേഴനാൽ, പേഴനാൽ വീട്, ചെങ്ങളം ഈസ്റ്റ്.പി.ഒ, കോട്ടയം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഈ) തിരുവനന്തപുരം

ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം

ജില്ലാ ജിയോളജിസ്റ്റ്, കോട്ടയം

വിവര പൊതുജന സമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഒഫീസ് കോപ്പി (എ4/108/2026-വ്യവ)

ഉത്തരവിൻ പ്രകാരം

Signed by
Sabitha B
സെക്ഷൻ ഓഫീസർ
Date: 12-06-2026 16:05:09